**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2780** **13-10-2021 - ൽ മറുപടിയ്ക്ക്**

**റാന്നി നിയോജകമണ്ഡലത്തിലെ വനാതിർത്തി നിർണ്ണയ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | റാന്നി നിയോജകമണ്ഡലത്തിൽ റവന്യൂ - വനം വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിലുള്ള വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയാകാത്തതിനാൽ പ്രദേശത്തെ കർഷകർക്കും തലമുറകളായി താമസിച്ച് വരുന്ന കൈവശാവകാശികൾക്കും അർഹതപ്പെട്ട പട്ടയം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റാന്നി നിയോജക മണ്ഡലത്തിലുൾപ്പെട്ട പത്തനംതിട്ട ജില്ലയിലെ 01.01.1977 - ന് മുൻപുള്ള വനഭൂമി കയ്യേറ്റം കണ്ടെത്തുന്നതിനുള്ള വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന 1988-89 കാലഘട്ടത്തിൽ തന്നെ പൂർത്തിയാക്കിയിട്ടുള്ളതാണ്. അപ്രകാരം പൂർത്തിയായ സംയുക്ത പരിശോധന ലിസ്റ്റിൽ ഉൾപ്പെടുന്ന 6362 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനു വേണ്ടിയുള്ള കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | ഏയ്ഞ്ചൽ വാലി അതിർത്തി നിർണ്ണയം പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (ബി) | ലഭ്യമായ വിവരങ്ങൾ പ്രകാരം എയ്ഞ്ചൽവാലി പ്രദേശത്തെ വനാതിർത്തി നിർണ്ണയം പൂർത്തിയാക്കിയിട്ടുള്ളതാണ്. |
| (സി) | റാന്നി നിയോജകമണ്ഡലത്തിൽ വനാതിർത്തി നിർണ്ണയ സർവ്വേ പൂർത്തിയായ പ്രദേശങ്ങൾ, പൂർത്തിയാക്കാനുള്ള പ്രദേശങ്ങൾ എന്നിവ പട്ടികയായി നൽകാമോ; | (സി) | റാന്നി നിയോജക മണ്ഡലത്തിൽ വരുന്ന റാന്നി വനം ഡിവിഷനിലെ വനാതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുള്ളതാണ്. ആയത് പ്രകാരമുള്ള വനവിസ്തൃതി ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | വനാതിർത്തി നിർണയ സർവ്വേ പൂർത്തിയാകുന്നതുവരെ റവന്യൂ- വനം വകുപ്പുകളുടെ സംയുക്ത ഉദ്യോഗസ്ഥതല സ്ഥിരം സമിതിയെ ( Special Survey Task Force ) നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | പത്തനംതിട്ട ജില്ലയിലെ റാന്നി നിയോജകമണ്ഡലത്തിലെ റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത സർവ്വേ പൂർത്തിയാക്കിയിട്ടുള്ളതാണ്. ആകയാൽ ഈ വിഷയത്തിൽ നടപടിയുടെ ആവശ്യമില്ലെന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ലീഗൽ ടൈപ്പ് | വിസ്തൃതി (Sq.-Km) |
|---|---|---|
| 1 | റിസർവ്വ് വനം | 909.496 |
| 2 | പ്രൊപ്പോസ്ഡ് റിസർവ്വ് വനം | 0.058 |
| 3 | നിക്ഷിപ്ത വനം | 1.568 |
| | **ആകെ** | **911.122** |